/82014/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ. പ്രിയങ്ക. ജി. IAS)**

വിഷയം:- വനിത ശിശു വികസന വകുപ്പ് - അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തിരിച്ചറിയൽ കാർഡ് നൽകിയ വകയിൽ കൊടുത്തു തീർക്കാനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 21.10.2021 ലെ ഇതേ നമ്പർ നടപടിക്രമം
2. ഈ കാര്യാലയത്തിലെ 03.02.2023 ലെ ഇതേ നമ്പർ നടപടിക്രമം
3. എറണാകുളം പ്രോഗ്രാം ഓഫീസറുടെ 07.02.2023 ലേ PO/EKM/A4/946/21 നം. കത്ത്.
4. കൊല്ലം പ്രോഗ്രാം ഓഫീസറുടെ 09.12.2022 ലേ എ-3079/2022 നം കത്ത്.

**<u>ഉത്തരവ് നം. ICDS/A3-8813/22 തീയതി: 17-02-2023</u>**

അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ID കാർഡ് നിർമ്മിച്ച് നൽകുന്നതിലേയ്ക്കായി 14 ജില്ലകളിലേയ്ക്ക് പരാമർശം (1) പ്രകാരം 66,10,100/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. ആയതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് എല്ലാ ജില്ലകളിൽ നിന്നും ലഭ്യമായിരുന്നു.എന്നാൽ ബാങ്ക് merging ന്റെ ഭാഗമായി IFSC കോഡ് മാറിയതിനാൽ പല ജില്ലകളിലും i d കാർഡ് നിർമ്മിച്ച് നൽകിയ സ്ഥാപനത്തിന് തുക ലഭിച്ചിരുന്നില്ല.ആയതിനാൽ പ്രസ്തുത വിവരം അറിയിച്ചു തുക ആവശ്യപ്പെട്ട കത്ത് നൽകിയ ജില്ലകൾക്ക് സൂചന (2) പ്രകാരം തുക അനുവദിച്ചു നൽകിയിരുന്നു.

എറണാകുളം ജില്ലക്ക് അനുവദിച്ച തുക ICDS പ്രൊജെക്ടുകൾ തമ്മിൽ മാറിയാണ് സൂചന (2) പ്രകാരം നൽകിയതെന്നും ആയതു മാറ്റി നൽകണമെന്നും എറണാകുളം ജില്ല ഓഫീസർ സൂചന (3) പ്രകാരം ആവശ്യപെടുന്നു. പ്രസ്തുത ഉത്തരവിൽ എറണാകുളം ജില്ലക്ക് അനുവദിച്ച തുക ആയ 52420 /-രൂപയിൽ പാറക്കടവ് ICDS നു 33400 /- രൂപയും അങ്കമാലി ICDS നു 19020 രൂപയും ആയി മാറ്റി അനുവദിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

കൊല്ലം ജില്ലയിലും IFSC കോഡ് മാറിയതിനാൽ i d കാർഡ് നിർമ്മിച്ച് നൽകിയ സ്ഥാപനത്തിന് തുക ലഭിച്ചിട്ടില്ല എന്നും ആയതു അനുവദിക്കണമെന്നും കൊല്ലം പ്രോഗ്രാം ഓഫീസർ സൂചന (4) പ്രകാരം ആവശ്യപെടുന്നു. . അതിനാൽ കൊല്ലം ജില്ലയിൽ നിന്ന് ആവശ്യപ്പെട്ട തുക കൊല്ലം ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് ചുവടെ ചേർക്കും പ്രകാരം BAMS മുഖാന്തിരം അനുവദിച്ച് ഉത്തരവാകുന്നു

| ക്രമ നമ്പർ | ജില്ല | ICDS | തുക | ആകെ |
|---|---|---|---|---|
| 1 | കൊല്ലം | കൊല്ലം 1 ICDS | 33125/- | 47365/- |
| 2 | | ചിറ്റുമല ICDS | 14240/- | |

(ആകെ നാല്പത്തി ഏഴായിരത്തി മുന്നൂറ്റി അറുപത്തി അഞ്ചു രൂപ മാത്രം)

കൊല്ലം ജില്ലാ വനിതാ ശിശുവികസന ആഫീസർ മേൽപ്പറഞ്ഞ തുക BIMS മുഖാന്തിരം ശിശുവികസന പദ്ധതി ഓഫീസർക്ക് അനുവദിച്ച് നൽകേണ്ടതാണ്. ടി തുക നടപ്പ സാമ്പത്തിക വർഷത്തിലെ 2235-02-102-56 (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭിച്ചു എന്ന് ഉറപ്പു വരുത്തിയ ശേഷം പ്രോഗ്രാം ഓഫീസർമാർ ധനവിനിയോഗ സാക്ഷ്യപത്രം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

/82014/2023

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
3 സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
4 സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by Priyanka G
Date: 17-02-2023 18:54:53